**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .77 — 28-01-2019 -ൽ മറുപടിക്ക്

# ദുരിതാശ്വാസത്തിനുള്ള കേന്ദ്രസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കേരളത്തിന് കേന്ദ്രം അനുവദിച്ച ദുരിതാശ്വാസ ഫണ്ടിലെ 143.54 കോടി രൂപ ചെലവാക്കാതെ ലാപ്സായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ബി) & സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) ദുരന്ത നിവാരണ നിയമപ്രകാരം രൂപീകൃതമായ സഞ്ചിത നിധിയാണ്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു നിശ്ചിത തുക എല്ലാ വർഷവും ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് അനുവദിക്കും. ഓരോ വർഷവും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുന്ന രീതി അല്ല ഈ നിധിക്ക് നിയമ പ്രകാരം ഉള്ളത്. നടപ്പ് സാമ്പത്തിക വർഷം ഉപയോഗിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് മുതൽക്കൂട്ടുന്നതാണ് ഈ നിധിയുടെ രീതി. ഇത്തരത്തിൽ എപ്പോഴും സംസ്ഥാനത്തിന്റെ കൈവശം അംഗീകൃത ദുരന്തങ്ങളുടെ പ്രതികരണത്തിന് ആവശ്യമായ പണം ഉണ്ടായിരിക്കുവാനാണ് ഈ നിധിയിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.<br>ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ സംസ്ഥാനത്തെ ദുരന്ത പ്രതികരണ നിധിയിൽ ഉള്ള തുക മതിയാകാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനം കേന്ദ്രത്തെ ഒരു മെമ്മോറാണ്ടവുമായി അധിക സഹായത്തിനായി സമീപിക്കുകയും കേന്ദ്ര സർക്കാർ ആവശ്യമാണെങ്കിൽ ഉന്നത ഉദ്യോഗസ്ഥരെ അയച്ച് പരിശോധിച്ച് അധികമായി ആവശ്യമായി വരുമെന്ന് കാണുന്ന തുക നിർണ്ണയിച്ച് കേന്ദ്ര മാനദണ്ഡം പ്രകാരം അധിക സഹായം അനുവദിക്കുകയും ചെയ്യുന്നു.<br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നൽകിയ ഈ തുക ഏതെങ്കിലും പ്രത്യേക മേഖലയിൽ ചെലവഴിക്കുവാനായിട്ടല്ല നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം മാത്രമേ |
| ബി) | ദുരിതാശ്വാസത്തിനുള്ള കേന്ദ്രസഹായം ചെലവഴിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | | |
| സി) | സംസ്ഥാന ഗവൺമെന്റിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇത്തരത്തിൽ സ്തംഭനാവസ്ഥയിൽ ആകാനുള്ള കാരണങ്ങൾ വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. അധികമായി അനുവദിക്കുന്ന തുക അതാത് ദുരന്തത്തിന് പ്രത്യേക നിധിയായി അല്ല അനുവദിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് മൊത്തത്തിൽ അനുവദിക്കുകയും, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുന്നത് പ്രകാരം ജില്ലാ കളക്ടർമാരുടെ ആവശ്യാനുസരണം ഉചിതമായ ദുരന്ത പ്രതികരണത്തിന് ചെലവഴിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ രീതി.<br>കേന്ദ്ര ഫിനാൻസ് കമ്മീഷൻ നിർണയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം അതാത് സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലുള്ള മൊത്തം നീക്കിയിരിപ്പ് പരിശോധിച്ച് ആ തുകയുടെ നേർപകുതി കുറവ് ചെയ്തതിന് ശേഷമാണ് കേന്ദ്രം അധിക സഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദിക്കുന്നത് എന്ന് കേന്ദ്ര ഉത്തരവ് No. 3305/2015-NDM-I dated 30-07-2015 ൽ നിഷ്കർഷിക്കുന്നുണ്ട്. കേന്ദ്രം അനുവദിച്ച ദുരിതാശ്വാസ ഫണ്ട് ലാപ്സായി എന്നുള്ളത് അടിസ്ഥാന രഹിതമാണ്. ഇതുമൂലം സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് യാതൊരു സ്തംഭനാവസ്ഥയും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ